സി.എസ്(3)8442/2017

സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി. 04.03.2017

**സർക്കുലർ നമ്പർ 18/2017**

വിഷയം: -സഹകരണ വകുപ്പ്- കൺസ്യൂമർഫെഡ്- അരി വില നിയന്ത്രിക്കുന്നതിനായി തിരഞ്ഞെടുക്കപ്പെട്ട സംഘങ്ങൾ പൊതു ഫണ്ടിൽ നിന്നും തുക വിനിയോഗിക്കുന്നത് സംബന്ധിച്ച്.

സൂചന:- 1) സർക്കാരിന്റെ 22.02.2017-ലെ സ.ഉ(സാധാ)90/2017/സഹ/നമ്പർ ഉത്തരവ്.

2) ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 04.03.2017-ന് ചേർന്ന യോഗ തീരുമാനം.

സംസ്ഥാനത്ത് വർദ്ധിച്ചു വരുന്ന അരി വില നിയന്ത്രിക്കുന്നതിനായി കമ്പോളത്തിൽ ഇടപെടുന്നതിന് കൺസ്യൂമർഫെഡിന്റെ നേതൃത്വത്തിൽ ഒരു കൺസോർഷ്യം രൂപീകരിക്കുന്നതിന് സൂചന (1) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

കൺസ്യൂമർഫെഡ് കിലോയ്ക്ക് 26 രൂപ 30 പൈസ നിരക്കിൽ വാങ്ങുന്ന അരി തിരഞ്ഞെടുക്കപ്പെട്ട പ്രാഥമിക സംഘങ്ങൾ കിലോയ്ക്ക് 25 രൂപ നിരക്കിൽ സഹകരണ സംഘങ്ങൾ വഴി വിൽക്കുന്നതിന് സൂചന (2) പ്രകാരം ബഹുമാനപ്പെട്ട സഹകരണ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്.

തിരഞ്ഞെടുക്കപ്പെട്ട സംഘങ്ങൾ ഇപ്രകാരം വിൽപ്പന നടത്തുന്നതിൽ ഉണ്ടാകുന്ന വിലയിലുള്ള മാർജിനും, ട്രാൻസ്പോർട്ടേഷൻ ചിലവുകളും അവരുടെ പൊതു ഫണ്ടിൽ നിന്നും വിനിയോഗിക്കേണ്ടതാണ്.

ഒപ്പ്/-
എസ്. ലളിതാംബിക, ഐ.എ.എസ്.
സഹകരണ സംഘം രജിസ്ട്രാർ

1. എല്ലാ ജോയിന്റ് രജിസ്ട്രാർമാർക്കും (ജനറൽ)
   എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (ആഡിറ്റ്)
2. ഈ ആഫീസിലെ എല്ലാ സെക്ഷനുകളും

പകർപ്പ്

1. വെബ് സൈറ്റ്,
2. സഹകരണ വീഥി
3. സ്റ്റോക്ക് ഫയൽ

ആജ്ഞാനുസരണം

അസിസ്റ്റന്റ് രജിസ്ട്രാർ (കൺസ്യൂമർ സെക്ഷൻ)

എസ്.ആർ.04.03.2017